(ബി ആന്റ് സി) സംരക്ഷണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12-3-2004-ലെ ഉത്തരവുപ്രകാരം സൗജന്യമായി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും ഒഴികെയുള്ള പ്രദേശങ്ങളിൽനിന്നും വനവിഭവങ്ങൾ പട്ടികവർഗ്ഗ സംഘങ്ങൾ മുഖേന ശേഖരിക്കുവാനുള്ള അനുവാദം ആദിവാസികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബഹു. സുപ്രീംകോടതിയുടെ 14-2-2000-ലെ സിവിൽ റിട്ട്പെറ്റീഷൻ നമ്പർ 202/95-ലെ 548-ാം നമ്പർ ഇടക്കാല ഉത്തരവുപ്രകാരം സംരക്ഷിത മേഖലകളിൽനിന്ന് ജീർണ്ണിച്ചതും രോഗം ബാധിച്ചതുമായ വൃക്ഷങ്ങൾ മുറിച്ചുനീക്കുന്നത് നിരോധിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ ഉത്തരവ് സർക്കാർ പഠിച്ചുവരികയാണ്.

ആദിവാസികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതി

118 [3705] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ ഭവന നിർമ്മാണത്തിന് സന്നദ്ധ സംഘടനകളെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സംഘടനകളെന്നും ആയതിനുള്ള കാരണമെന്താണെന്നും അറിയിക്കാമോ;

(ബി) വയനാട് ജില്ലയിൽ ഇപ്രകാരം എത്ര വീടുകൾ നിർമ്മിക്കാൻ കരാർ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) അവയിൽ സന്നദ്ധസംഘടനകൾ എത്ര വീടുകൾ പൂർത്തിയാക്കി;

(ഡി) എത്ര തുക അഡ്വാൻസ് നൽകി;

(ഇ) സന്നദ്ധസംഘടനകളും മറ്റു സ്ഥാപനങ്ങളും ഇക്കാര്യത്തിനായി സബ്കോൺട്രാക്ട് നൽകുകയാണെന്ന വിവരം സർക്കാരിനറിയാമോ;

(എഫ്) വീടു നിർമ്മാണത്തിൽനിന്നും സന്നദ്ധസംഘടനകളെ ഒഴിവാക്കി ആദിവാസികളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ആദിവാസികൾക്ക് വൈദ്യുതി കണക്ഷൻ നല്കാതെ മറ്റുള്ളവർക്ക് നല്കുന്നതായ ആക്ഷേപം

119 [3706] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പദ്ധതി പ്രകാരം വൈദ്യുതി ലൈൻ വലിച്ചിട്ട് പല പ്രദേശങ്ങളിലും ആദിവാസികൾക്ക് കണക്ഷൻ നല്കാതെ മറ്റുള്ളവർക്ക് നല്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly